ഉത്തരം

(എ) 1-4-2001-ലെ കേരളത്തിന്റെ പൊതുക്കടം 23,919 കോടി രൂപ ആയിരുന്നു.

(ബി) 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളൂ. ടി താൽക്കാലിക കണക്കുകൾ പ്രകാരം 30-11-2004 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുക്കടം 40,191.37 കോടി രൂപയാണ്.

(സി) 2001-02 മുതൽ 2004-05 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരളത്തിന്റെ റവന്യൂ കമ്മി താഴെ കാണും വിധം ആണ്:

(രൂപ കോടിയിൽ)

വർഷം	റവന്യൂ കമ്മി
2001-02	2606
2002-03	4122
2003-04	3680
2004-05	4707

(ബഡ്ജറ്റ് എസ്റ്റിമേറ്റ്)

(ഡി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും റവന്യൂ ചെലവുകൾ പരമാവധി കുറയ്ക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ഇതിനകം തന്നെ പല ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ കമ്മി നിജപ്പെടുത്തുവാൻ വേണ്ടി 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റും, സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനു വേണ്ടി 2003-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്റ്റും നടപ്പിലാക്കിയിട്ടുണ്ട്. ഈ നടപടികൾ വഴി റവന്യൂ കമ്മി നിയന്ത്രിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

38 [213] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് എത്ര കേസുകളാണ് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗം കണ്ടു പിടിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 108 കേസുകൾ

(ബി ആന്റ് സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 24-2-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 113/03/ധന. പ്രകാരം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി ധനകാര്യ പരിശോധന വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വാഹന പരിശോധന നടത്തുകയും വാഹനം ദുരുപയോഗം ചെയ്തതായി കണ്ടുപിടിക്കപ്പെട്ട വർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും വാഹന ദുരുപയോഗംമൂലം സർക്കാരിനുണ്ടായ അധികച്ചെലവ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്.

ബഡ്ജറ്റിൽ നീക്കിവയ്ക്കപ്പെട്ട തുക

39 [214] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഓരോ വകുപ്പിലും നീക്കിവയ്ക്കപ്പെട്ട തുക എത്രയെന്നും ചെലവഴിച്ച തുക എത്രവീതമെന്നും വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്ര വീതമാണ്;

(സി) ഇതേ വർഷങ്ങളിൽ ഓരോ വകുപ്പിലും വിഭവസമാഹരണ ലക്ഷ്യം എത്ര വീതമായിരുന്നു; എത്ര സമാഹരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വകുപ്പ് അടിസ്ഥാനത്തിലുള്ള തരംതിരിവിലല്ല ബഡ്ജറ്റിൽ തുക വക കൊള്ളിക്കുന്നത്. പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കിനങ്ങളിലാണ് തുക വകകൊള്ളിക്കുന്നത്. 2001-02, 2002-03, 2003-04, 2004-05 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വിവിധ വകുപ്പുകൾക്കായി യഥാക്രമം 13,944.73, 14,741.57, 16,081.58, 19,682.14 കോടി രൂപ വീതം നീക്കിവച്ചിരുന്നു. 2001-02, 2002-03, 2003-04 വർഷങ്ങളിൽ വിവിധ വകുപ്പുകൾ യഥാക്രമം 12,381.15, 15,704.72, 17,427.32 കോടി രൂപ വീതമാണ് ചെലവഴിച്ചത്. 2004-05-ലെ പൂർണ്ണമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക താഴെ പറയും പ്രകാരമാണ്:

വർഷം	*(രൂപ കോടിയിൽ)*
2001-02	3370.29
2002-03	3846.45
2003-04	3887.78
2004-05	കണക്കുകൾ പൂർത്തിയായിട്ടില്ല.

(സി) വിശദവിവരമടങ്ങിയ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം വയ്ക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly